# അല്ലാഹുവിന്റെ നാമം ആദരിക്കുവാൻ പേര് മാറ്റിയിടൽ

അബൂശുറൈഹ്ﷺവിൽ നിന്ന് നിവേദനം:

أنه كان يُكْنَى أَبَاالْحَكَم، فقال له النبي ﷺ: «إِنّ اللهَ هُوَ الْحَكَمُ وَإِلَيْهِ الْحُكْمُ». فقالَ: إِنّ قَوْمِي إِذَا اخْتَلَفُوا فِي شَيْءٍ أَتَوْنِي فَحَكَمْتُ بَيْنَهُمْ فَرَضِيَ كِلاَ الْفَرِيقَيْنِ, فَقَالَ: «مَا أَحْسَنَ هَذَا فَمَا لَكَ مِنَ الْوَلَدِ؟». قلت: شُرَيْحٌ وَمُسْلِمٌ وَعَبْدُ اللهِ. قالَ: «فَمَنْ أَكْبَرُهُمْ؟». قلت: شُرَيْحٌ قالَ: «فَأَنْتَ أَبُو شُرَيْحٍ»

അദ്ദേഹം 'അബുൽ ഹകം' എന്ന വിളിപ്പേര് കൊണ്ട് വിളിക്കപ്പെ ടാറുണ്ടായിരുന്നു. അപ്പോൾ പ്രവാചകൻﷺ അദ്ദേഹത്തോട് പറഞ്ഞു: "നിശ്ചയം, അല്ലാഹുവാണ് 'ഹകം' (വിധികർത്താവ്). അവനിലേക്ക് മാത്രമാണ് വിധിതേടേണ്ടത്." അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ ഗോത്രം വല്ല വിഷയത്തിലും അഭിപ്രായവ്യത്യാസത്തിലായാൽ അവർ എന്റെ അടുത്തേക്ക് വരും. അങ്ങിനെ ഞാൻ അവർക്കിടയിൽ വിധിതീർപ്പുണ്ടാക്കും. അതോടെ രണ്ടു കൂട്ടരും തൃപ്തരാകും. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: "ഇത് (സ്വുൽഹുണ്ടാക്കൽ) എത്ര നല്ലത്! താങ്കൾക്ക് എത്ര മക്കളുണ്ട്?" ഞാൻ പറഞ്ഞു: ശുറൈഹ്, മുസ്‌ലിം, അബ്ദുല്ല. പ്രവാചകൻﷺ പറഞ്ഞു: "അവരിൽ വലിയവൻ ആരാണ്? " ഞാൻ പറഞ്ഞു: 'ശുറൈഹ്' ആണ്. അദ്ദേഹം പറഞ്ഞു: "എങ്കിൽ താങ്കൾ 'അബൂ ശുറൈഹ്' ആണ്. "[1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അല്ലാഹുﷻയുടെ നാമവിശേഷണങ്ങളെ ആദരിക്കൽ (അവ കൊണ്ടാണ് പേരുവെച്ചതെങ്കിൽ ആ പേരുമാറ്റലാണ് അവിടെ ആദരവ്) ആശയം ഉദ്ദേശിച്ചിട്ടില്ലെങ്കിലും.

[1] അൽബാനി ഹദീഥിനെ 'സ്വഹീഹ്'' ആക്കിയിട്ടുണ്ട്.

- അതിന് വേണ്ടി പേരുമാറ്റൽ.
- വിളിപ്പേരിന് വേണ്ടി മൂത്ത മകനെ തിരഞ്ഞെടുക്കൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**